# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) ____________________________
   (Name) ____________________________
2. (Signature) ____________________________
   (Name) ____________________________

OMR Sheet No. : ..............................................
(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No.____________________________________
(In words)

**D 2 2 1 1**

Time : $1\ {}^{1}/_{4}$ hours] [Maximum Marks : **100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.
   **Example :** (A) (B) ● (D)
   where (C) is the correct response.
5. Your responses to the items are to be indicated in the **Answer Sheet given inside the Paper I Booklet only.** If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the Answer Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, you will render yourself liable to disqualification.
9. You have to return the test question booklet and OMR Answer sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** (A) (B) ● (D)
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये उत्तर-पत्रक पर ही** अंकित करने हैं । यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप उत्तर-पुस्तिका पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं OMR उत्तर-पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई अंक काटे नहीं जाएँगे ।**

## മലയാളം
## MALAYALAM
## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

1. ദാമോദര ചാക്യാർ കഥാപാത്രമായ കൃതി
   (A) ഉണ്ണിച്ചിരുതേവീ ചരിതം (B) ഉണ്ണിയാടീ ചരിതം
   (C) ഉണ്ണുനീലി സന്ദേശം (D) ഉണ്ണിയച്ചീ ചരിതം

2. ലീലാതിലകത്തിൽ അധികാക്ഷര നിരൂപണം വരുന്ന ശില്പം
   (A) ഒന്നാം ശില്പം (B) രണ്ടാം ശില്പം
   (C) മൂന്നാം ശില്പം (D) എട്ടാം ശില്പം

3. എ പ്രോഗ്രസീവ് ഗ്രാമർ ഓഫ് മലയാളം ലാംഗ്വേജ് എഴുതിയത്
   (A) ജോസഫ് പിറ്റ് (B) ഡ്രമണ്ട്
   (C) ഗുണ്ടർട്ട് (D) ഫ്രോൺ മെയർ

4. ദ്രാവിഡമെന്ന ഭാഷാഗോത്രസംജ്ഞ ആദ്യമായി നല്കിയത് ആര് ?
   (A) ഡോ. സ്റ്റീവൺസൺ (B) ഡോ. ഗുണ്ടർട്ട്
   (C) ഡോ. കാൽഡ്വൽ (D) ഷൂൾബ്ലോക്ക്

5. ഭാഷാഗദ്യചരിത്രത്തെ പരതന്ത്ര ഘട്ടം, സംക്രമണ ഘട്ടം, സ്വതന്ത്ര ഘട്ടം എന്ന് വിഭജിച്ചത്
   (A) കെ. എം. ജോർജ്ജ് (B) സി. എൽ. ആന്റണി
   (C) ഏ. ആർ. രാജരാജവർമ്മ (D) ഗോദവർമ്മ

6. ചേരുംപടി ചേർക്കുക.

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| (a) | മഭനതതഗം | (1) | സ്രഗ്ദ്ധര |
| (b) | നനമയയുഗം | (2) | ശാർദ്ദൂല വിക്രീഡിതം |
| (c) | മരഭനയയയം | (3) | മാലിനി |
| (d) | മസജം സതംതഗുരു | (4) | മന്ദാക്രാന്ത |
| | | (5) | വസന്തതിലകം |

   (A) a 4, b 3, c 1, d 2 (B) a 2, b 1, c 5, d 4
   (C) a 5, b 2, c 3, d 1 (D) a 1, b 3, c 5, d 4

7. കണിയാകുളത്തുപോര് എന്നറിയപ്പെടുന്ന പ്രാചീന കഥാഗാനം

(A) മൂവോട്ടുമല്ലൻ കഥ
(B) ഇരവിക്കുട്ടിപ്പിള്ളപ്പോര്
(C) നീലികഥ
(D) ചെങ്ങന്നൂരാതി

8. കൂടിയാട്ടത്തിലെ അനൗചിത്യങ്ങളെ ചൂണ്ടിക്കാണിച്ച ഗ്രന്ഥം

(A) ക്രമദീപിക
(B) ആട്ടപ്രകാരം
(C) നടാങ്കുശം
(D) നാട്യകല്പദ്രുമം

9. 'ഭ്രാന്തചിത്തം ജഡം വൃദ്ധം വധൂചിതം
ശാന്തേതരം ത്രപാഹീനം ശംപ്രിയം' – എന്നു കോപിക്കുന്നതാര് ?

(A) ലക്ഷ്മണൻ
(B) രാമൻ
(C) ഭരതൻ
(D) ശത്രുഘ്നൻ

10. കുമാരഹരണം പാന എഴുതിയത്

(A) കുഞ്ചൻ നമ്പ്യാർ
(B) എഴുത്തച്ഛൻ
(C) പൂന്താനം
(D) മച്ചാട്ട് ഇളയത്

11. കൃഷ്ണനാട്ടത്തിന് ആധാരമാക്കിയ സംസ്കൃത കാവ്യം

(A) കൃഷ്ണീയം
(B) ശ്രീകൃഷ്ണചരിതം
(C) കൃഷ്ണഗീതി
(D) ശ്രീകൃഷ്ണ വിജയം

12. താഴെപ്പറയുന്ന തുള്ളൽക്കൃതികളിൽ 'ഓട്ടൻ' വിഭാഗത്തിൽപ്പെടുന്നതേത് ?

(A) കിരാതം
(B) കല്യാണസൗഗന്ധികം
(C) പഞ്ചേന്ദ്രോപാഖ്യാനം
(D) സഭാപ്രവേശം

13. ഒരു വിലാപം എന്ന പേരിൽ കവിതയെഴുതിയ രണ്ടു കവികൾ

(A) കെ.കെ. രാജ, വി.സി. ബാലകൃഷ്ണപ്പണിക്കർ
(B) ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ, വി.സി. ബാലകൃഷ്ണപ്പണിക്കർ
(C) സി. എസ്. സുബ്രഹ്മണ്യൻ പോറ്റി, വി.സി. ബാലകൃഷ്ണപ്പണിക്കർ
(D) കെ.കെ. രാജ, സി.എസ്. സുബ്രഹ്മണ്യൻ പോറ്റി

14. “പുടവയ്ക്കു പിടിച്ച തീ ചുഴ-
ന്നുടൽകത്തുന്നൊരു ബാല പോലവൾ” – ഏതു കൃതിയിലേത് ?
(A) നാഗില (B) മഗ്ധലനമറിയം
(C) ചിന്താവിഷ്ടയായ സീത (D) ചെമ്പകമാല

15. **കാര്യം** : കർക്കുളം, പൊർച്ചില ഇവയിൽ ‘ര്’ ആഗമിക്കുന്നു.
**കാരണം** : 1. ലനയോ: കചപേഷുറ എന്ന നിയമമനുസരിച്ച്
2. റുടോർദ്വിത്വം ച എന്ന നിയമമനുസരിച്ച്
3. ലോന പഞ്ചമേഷു എന്ന നിയമമനുസരിച്ച്
(A) കാര്യവും കാരണം 1-ഉം ശരി.
(B) കാര്യവും കാരണം 2-ഉം ശരി.
(C) കാര്യവും കാരണം 3-ഉം ശരി.
(D) കാര്യം ശരി, കാരണങ്ങളെല്ലാം തെറ്റ്.

16. ‘അറിയാത്തോർ തമ്മിലയൽപക്കക്കാർ,
അറിയുന്നോരെല്ലാരുമന്യനാട്ടാർ’ – ഏതു കവിതയിൽ നിന്ന് ?
(A) മുള്ളൻ ചീര (B) ചകിരിക്കുഴികൾ
(C) കുറ്റിപ്പുറം പാലം (D) മാതംഗലീല

17. കല്യാണ ബോംബ് എഴുതിയത്
(A) സഞ്ജയൻ (B) ചങ്ങമ്പുഴ
(C) സീതാരാമൻ (D) വേളൂർ കൃഷ്ണൻകുട്ടി

18. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ലീല | (1) | എം. പി. പോൾ |
| (b) | മാമ്പഴം | (2) | ജോസഫ് മുണ്ടശ്ശേരി |
| (c) | കണ്ണീർപ്പാടം | (3) | കുട്ടിക്കൃഷ്ണമാരാർ |
| (d) | ബാല്യകാല സഖി | (4) | എം. എൻ. വിജയൻ |
| | | (5) | എം. പി. ശങ്കുണ്ണിനായർ |

(A) a 3, b 4, c 5, d 1 (B) a 3, b 2, c 4, d 1
(C) a 1, b 5, c 3, d 2 (D) a 4, b 2, c 1, d 3

19. വീരരാഘവപ്പട്ടയത്തിന്റെ മറ്റൊരു പേര്
(A) ജൂതപ്പട്ടയം (B) അവിട്ടത്തൂർ ശാസനം
(C) ഇരവിക്കോത്തൻ ചെപ്പേട് (D) മാമ്പള്ളി ശാസനം

20. നക്സൽ പ്രസ്ഥാനവുമായി നേരിട്ടു ബന്ധിപ്പിച്ച പ്രമേയത്തെയും കഥാപാത്രത്തെയും സന്നിവേശിപ്പിച്ചിട്ടുള്ള രണ്ടു മലയാള സിനിമകൾ.

(1) അനുഭവങ്ങൾ പാളിച്ചകൾ, ലാൽസലാം

(2) പഞ്ചാഗ്നി, കബനീനദി ചുവന്നപ്പോൾ

(3) കബനീനദി ചുവന്നപ്പോൾ, ഉപ്പ്

(4) കാറ്റത്തെ കിളിക്കൂട്, ഒരു അറബിക്കഥ

(A) 1 (B) 2

(C) 3 (D) 4

21. സുലളിത പദവിന്യാസാ

രുചിലങ്കാര ശാലിനീ മധുരാ

മൃദുലാപി ഗഹനഭാവാ

സൂക്തിരിവാവാപസോർവ്വശീവിജയം - ഏതിൽ നിന്ന് ?

(A) വിക്രമോർവ്വശീയം (B) നളചരിതം

(C) നിവാതകവചകാലകേയവധം (D) കിർമ്മീരവധം

22. **കാര്യം** : എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങൾക്ക് സാർവ്വത്രികമായ അവതരണങ്ങൾ ഉണ്ടായിട്ടില്ല.

**കാരണം** : 1. ആ നാടകങ്ങൾ രംഗപ്രയോഗ ക്ഷമത കുറവാണ്.

2. കൃഷ്ണപിള്ളയ്ക്ക് ആ കാലഘട്ടത്തിലെ നാടകവേദിയുമായി ഒരു ബന്ധവും ഇല്ലായിരുന്നു.

3. തിയട്രിക്കാലിറ്റിയുടെ തീഷ്ണതയിൽ മുഴുകിക്കിടന്നിരുന്ന ആ കാലഘട്ടത്തിലെ നാടകവേദിക്ക് ഉൾക്കൊള്ളാവുന്നതിലും അധികം നവീനത കൃഷ്ണപിള്ളയുടെ നാടകങ്ങൾ ഉൾക്കൊണ്ടിരുന്നു.

(A) കാര്യം ശരി, കാരണങ്ങളിൽ 2 മാത്രം ശരി.

(B) കാര്യം തെറ്റ്, കാരണങ്ങളിൽ 1 മാത്രം ശരി.

(C) കാര്യം ശരി, കാരണങ്ങളിൽ 3 മാത്രം ശരി.

(D) കാര്യവും കാരണങ്ങളും തെറ്റ്.

23. 'മറ്റൊന്നിതിൽപ്പരം മന്നർക്കാജ്ഞകൊണ്ടാമോ' – കുചേലവൃത്തത്തിലെ ഈ പരാമർശം പത്മനാഭസ്വാമി ക്ഷേത്രത്തിലെ എന്തിനെക്കുറിച്ചാണ് ?

(A) ക്ഷേത്രത്തിലെ ഗോപുരം (B) ഒറ്റക്കൽ മണ്ഡപം

(C) ക്ഷേത്രത്തിലെ പ്രതിഷ്ഠ (D) തീർത്ഥക്കുളം

24. അഭിജ്ഞാന ശാകുന്തള വിവർത്തനത്തിന് 'കേരളശാകുന്തളം' എന്ന് ആറ്റൂർ കൃഷ്ണപ്പിഷാരടി പേരുനല്കിയത് എന്തുകൊണ്ട് ?

(A) കേരളഭാഷയിൽ വിവർത്തനം ചെയ്തു.

(B) അഭിജ്ഞാന ശാകുന്തളത്തിന്റെ കേരളീയപാഠം വിവർത്തനത്തിന് എടുത്തു.

(C) കേരളനാട്ടിൽ വെച്ച് വിവർത്തനം ചെയ്തു.

(D) 'കേരളഭാഷാ സാഹിത്യചരിത്രം എഴുതിയ' ആർ. നാരായണപ്പണിക്കരുടെ നിർദ്ദേശമനുസരിച്ച്.

25. 1894-ന്റെ പ്രാധാന്യം

(A) കേശവീയത്തിന്റെ പ്രഥമ പ്രസാധനം

(B) ചക്കീചങ്കരത്തിന്റെ പ്രഥമ പ്രസാധനം

(C) കുറുപ്പില്ലാക്കളരിയുടെ പ്രഥമ പ്രസാധനം

(D) മറിയാമ്മാ നാടകത്തിന്റെ പ്രഥമ പ്രസാധനം

26. താഴെക്കൊടുത്തതിൽ ശരിയായ പ്രസ്താവം ഏത് ?

(A) പാട്ടബാക്കിയുടെ രണ്ടാം ഭാഗമാണ് കൂട്ടുകൃഷി.

(B) 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'യുടെ രണ്ടാം ഭാഗമാണ് 'നിങ്ങളാരെ കമ്മ്യൂണിസ്റ്റാക്കി'.

(C) അശ്വമേധത്തിന്റെ രണ്ടാം ഭാഗമാണ് ശരശയ്യ.

(D) കലിയുടെ രണ്ടാം ഭാഗമാണ് കേളു.

27. 'ഹാ ! വിശിഷ്ടമൃദുഗാന, മിന്നി നീ
കൂവിടായ്ക കുയിലേയനക്ഷരം' – തുടർന്നുള്ള രണ്ടുവരികൾ.

(A) കാട്ടിലിങ്ങനെ മനുഷ്യഗേയമാം
പാട്ടു കേട്ടുപരമാർന്നു കൗതുകം;

(B) വ്യഞ്ജിതാശയമടുത്തു കേട്ടവൻ
കഞ്ജിനീതടമണഞ്ഞു നോക്കിനാൻ

(C) ഏവമോതിയലയും മരങ്ങൾ തൻ -
പൂവെഴും തല തളിർത്ത ശാഖയും

(D) കാടുതൻ നടുവിലും സുമർത്തുവിൻ
പാടിടും കുയിലുപോലെ, ചൊല്ലിനാൾ.

28. പട്ടികയിൽ കവിതകളും അവയുടെ കാവ്യ വിഷയങ്ങളും ഉണ്ട്. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ഇവനെക്കൂടി | (1) | പി. കുഞ്ഞിരാമൻ നായർ |
| (b) | കവിയച്ഛൻ | (2) | വൈലോപ്പിള്ളി |
| (c) | മേഘരൂപൻ | (3) | ചങ്ങമ്പുഴ |
| (d) | സുൽത്താനും കവിയും | (4) | നടുവത്തച്ഛൻ |
| | | (5) | കുമാരനാശാൻ |

(A) a 2, b 4, c 1, d 3
(B) a 1, b 3, c 4, d 5
(C) a 1, b 2, c 4, d 5
(D) a 1, b 3, c 5, d 2

29. **കാര്യം** : സാഹിത്യ നിരൂപണത്തിന്റെ പരിചിത സൈദ്ധാന്തിക ഘടനകളിൽ നിന്ന് മോചനം നേടാൻ മലയാള നാടക നിരൂപണങ്ങൾക്ക് ഏറെ കഴിഞ്ഞിട്ടില്ല. അർത്ഥപൂർണ്ണമായ ചലചിത്ര നിരൂപണ ശാഖയും മലയാളത്തിൽ ഇനിയും രൂപപ്പെടേണ്ടതായുമുണ്ട്.

**കാരണം :** 1. രാഗസംരചനയുടെ (അവതരണം) അടിസ്ഥാന പാഠങ്ങളിൽ അവഗാഹമില്ലായ്മ.

2. നാടകപാഠത്തിന്റെയും തിരക്കഥയുടെയും അടിത്തറ സാഹിത്യമായതുകൊണ്ട്.

3. സിനിമാ സങ്കേതങ്ങളിലെ സമഗ്രധാരണയുടെ അഭാവം

4. ആസ്വാദന രൂപത്തിലുള്ള നിരൂപണങ്ങൾക്ക്, കൂടുതൽ ആകർഷണീയതയുണ്ട്.

(A) കാര്യം ശരി, കാരണം 1-ഉം, 2-ഉം ശരി.
(B) കാര്യം ഭാഗികമായി മാത്രം ശരി, കാരണങ്ങൾ പൂർണ്ണമായും തെറ്റ്.
(C) കാര്യം ശരി, കാരണങ്ങളിൽ 1-ഉം, 3-ഉം ശരി.
(D) കാര്യവും എല്ലാ കാരണങ്ങളും ശരി.

30. താഴെക്കൊടുത്തിരിക്കുന്നതിൽ ശരിയായ കാലക്രമം ഏത് ?
(A) ഒറ്റ, പാപത്തറ, ദേവീഗ്രാമം, പുരുഷവിലാപം
(B) പാപത്തറ, ഒറ്റ, ദേവീഗ്രാമം, പുരുഷവിലാപം
(C) ദേവീഗ്രാമം, ഒറ്റ, പാപത്തറ, പുരുഷവിലാപം
(D) ഒറ്റ, പുരുഷവിലാപം, ദേവീഗ്രാമം, പാപത്തറ

31. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ജ്ഞാനനിക്ഷേപം | (1) | ജീവചരിത്രങ്ങൾ, ആത്മകഥകൾ എന്നിവ പ്രസിദ്ധീകരിക്കാൻ തുടങ്ങി. |
| (b) | വിദ്യാസംഗ്രഹം | (2) | സാഹിത്യ വിമർശനം, ഉദ്യോഗസ്ഥരെ വിമർശിക്കുക എന്നിവ സ്വഭാവം |
| (c) | പശ്ചിമതാരക | (3) | മലയാളത്തിലെ ഒന്നാമത്തെ കോളേജ് മാസിക. |
| (d) | വിദ്യാവിനോദിനി | (4) | വിജ്ഞാനമേകുക എന്നതുമാത്രം ലക്ഷ്യം |
| | | (5) | മലയാളത്തിലെ പ്രാചീന കൃതികൾ പ്രസിദ്ധീകരിക്കുക എന്നത് ലക്ഷ്യം |

(A) a 4, b 3, c 2, d 5
(B) a 3, b 4, c 1, d 5
(C) a 2, b 3, c 5, d 1
(D) a 1, b 3, c 2, d 4

32. വൈക്കം മുഹമ്മദുബഷീറിന്റെയും മാധവിക്കുട്ടിയുടെയും ഒരേ പേരിലുള്ള രചന.

(A) മതിലുകൾ (B) കോലാട്

(C) പൂവമ്പഴം (D) തരിശുനിലം

33. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | ഓരോ വാക്കിന്റെയും അടിത്തട്ടിൽ<br>ഓരോ പാത്രമുണ്ട്<br>താനേ തുറന്നടയുന്ന കണ്ണുപോലെ | (1) | സച്ചിദാനന്ദൻ |
| (b) | ഞാനൊറ്റയാകുന്നതെങ്ങിനെ കിടാങ്ങളേ<br>ഞാനൊറ്റയായ് പോകുവോളം<br>ഞാൻ ഒറ്റയായ് പോകുവോളം ? | (2) | ബാലചന്ദ്രൻ ചുള്ളിക്കാട് |
| (c) | ഡിസംബർ മുപ്പത്തൊന്ന്,<br>രാത്രി സത്രത്തിൻ ഗാനശാലയിൽ<br>ഗുലാം അലി പാടുന്നു. | (3) | കെ. ജി. എസ്. |
| (d) | ചുടുകാറ്റു താരാട്ടുപാടുന്ന നേരവും<br>ചുടുകാട്ടിൽ നില്പാണുറങ്ങാതെ രാഹുലൻ | (4) | അയ്യപ്പത്ത് |
| | | (5) | കുരീപ്പുഴ |

(A) a 3, b 4, c 2, d 5 (B) a 2, b 5, c 1, d 3

(C) a 2, b 5, c 4, d 1 (D) a 3, b 1, c 2, d 5

34. ശരിയായ ഗണം തെരഞ്ഞെടുക്കുക.

(a) വ്യാകരണവിവേകം – എൻ. എൻ. മൂസ്സത്

(b) മലയാള വ്യാകരണ സമീക്ഷ – കെ. എം. പ്രഭാകര വാരിയർ

(c) മലയാഴ്മയുടെ വ്യാകരണം – കെ. സുകുമാരപിള്ള

(d) മലയാളഭാഷാ വ്യാകരണം – ശേഷഗിരി പ്രഭു

(A) a, b ശരി. c, d തെറ്റ് (B) a, c ശരി, b, d തെറ്റ്

(C) a, b, c ശരി, d തെറ്റ് (D) a, d തെറ്റ്, b, c ശരി

35. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | ജ്ഞാന നിക്ഷേപം | (1) | റവ. ജോർജ്ജ് മാത്തൻ |
| (b) | കേരള മിത്രം | (2) | സി. കുഞ്ഞിരാമ മേനോൻ |
| (c) | കേരള പത്രിക | (3) | കണ്ടത്തിൽ വറുഗീസ് മാപ്പിള |
| (d) | മലയാളി | (4) | അമ്മാമൻ തമ്പുരാൻ |
| | | (5) | സി.വി. രാമൻപിള്ള |

(A) a 2, b 1, c 5, d 4 (B) a 1, b 3, c 2, d 5

(C) a 2, b 3, c 5, d 1 (D) a 1, b 2, c 4, d 3

36. 'പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനായർത്ഥം കളഞ്ഞീടൊലാ' – പറഞ്ഞതാര് ?

(A) ഏ. ആർ. രാജരാജവർമ്മ (B) വള്ളത്തോൾ

(C) പന്തളം കേരളവർമ്മ (D) ആശാൻ

37. ഉള്ളൂർ രചിച്ച ചമ്പു

(A) മംഗള മഞ്ജരി (B) സുജാതോദ്വാഹം

(C) വഞ്ചീശ ഗീതി (D) തപ്തഹൃദയം

38. 'കഷ്ടമീ ബ്രഹ്മജ്ഞൻ തൻ സമദൃഗ്ജ്യോതിസ്സിലും
തട്ടിയോ, തവനിഴൽ പാണ്ഡിത്യക്കേടു ഗർവേ !' – എഴുതിയത്

(A) ഉള്ളൂർ (B) ആശാൻ

(C) വി.സി. ബാലകൃഷ്ണപ്പണിക്കർ (D) വള്ളത്തോൾ

39. സൈലന്റ് വാലി ഉയർത്തിയ പാരിസ്ഥിതിക പ്രശ്നത്തെ അഭിസംബോധന ചെയ്യാൻ മലയാളത്തിലുണ്ടായ കവിതാ സമാഹാരം.

(A) വനപർവ്വം (B) ആരണ്യപർവ്വം

(C) കാടിന്റെ ഗീതം (D) വനഗീതം

40. രൂപകാതിശയോക്തിയുടെ ലക്ഷ്യം ഏത് ?

(A) കോകസ്ത്രീ വിരഹത്തീയിൽ
പുകയല്ലോ തമസ്സിത്

(B) ഹന്തചന്ദ്രമുഖിക്കിന്നു
ചെന്തീയായിതു ചന്ദനം

(C) സരോജയുഗളം കാൺക
ശരങ്ങൾ ചൊരിയുന്നിതാ

(D) അപ്പക്കോൽ എലിതിന്നുമ്പോൾ
അപ്പത്തിൻ കഥയെന്തുതാൻ

41. താഴെപ്പറയുന്നതിൽ ശരിയായ കാലക്രമം

(A) ഫ്രാൻസിസ് ഇട്ടിക്കോര, ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, ഗുരുസാഗരം, സ്മാരകശിലകൾ

(B) സ്മാരകശിലകൾ, ഫ്രാൻസിസ് ഇട്ടിക്കോര, ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, ഗുരുസാഗരം

(C) ഗുരുസാഗരം, സ്മാരകശിലകൾ, ഫ്രാൻസിസ് ഇട്ടിക്കോര, ലന്തൻബത്തേരിയിലെ ലുത്തിനിയകൾ

(D) സ്മാരകശിലകൾ, ഗുരുസാഗരം, ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, ഫ്രാൻസിസ് ഇട്ടിക്കോര,

**42.** ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | പ്രതിപാത്രം ഭാഷണഭേദം | (1) | ഹസ്തലിഖിത പഠനം |
| (b) | ഉയരുന്ന യവനിക | (2) | സംഭാഷണങ്ങളുടെ ശൈലി വിജ്ഞാന പഠനം |
| (c) | കുമാരനാശാന്റെ രചനാശില്പം | (3) | നാടക കലാപഠനം |
| (d) | എട്ടാമത്തെ മോതിരം | (4) | ആഭരണ നിർമ്മാണ ശാസ്ത്രം |
| | | (5) | ആത്മകഥ |

(A) a 4, b 2, c 5, d 3 (B) a 2, b 5, c 1, d 4

(C) a 1, b 3, c 5, d 2 (D) a 2, b 3, c 1, d 5

**43.** 'മറുപിറവി' എന്ന നോവലിന്റെ കർത്താവ്

(A) എൻ. പ്രഭാകരൻ (B) സേതു

(C) സാറാ ജോസഫ് (D) അംബികാസുതൻ മങ്ങാട്

**44.** ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ഹരിതരാമായണം | (1) | ആത്മകഥ |
| (b) | മറുതിര കാത്തുനിന്നപ്പോൾ | (2) | നാടകം |
| (c) | മനസാസ്മരാമി | (3) | നോവൽ പഠനം |
| (d) | കാൽവരിയിലെ കല്പാദപം | (4) | പരിസ്ഥിതി പഠനം |
| | | (5) | കവിത |

(A) a 1. b 3, c 1, d 2 (B) a 4, b 2, c 1, d 2

(C) a 4, b 3, c 2, d 5 (D) a 5, b 3, c 1, d 2

**45.** 'വെയ്റ്റിംങ് ഫോർ ഗോദോ' മലയാളത്തിലേക്ക് തർജ്ജിമചെയ്തവർ

(A) കേസരി ബാലകൃഷ്ണപിള്ള, കെ. രാമചന്ദ്രൻ നായർ

(B) സി. ജെ. തോമസ്, സച്ചിദാനന്ദൻ

(C) കടമ്മനിട്ട, എം. ലീലാവതി

(D) സച്ചിദാനന്ദൻ, അയ്യപ്പപ്പണിക്കർ

താഴെക്കൊടുത്തിരിക്കുന്ന കവിത വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടയാളപ്പെടുത്തുക.

ഇനി വാഴ്ത്താം:
ഈ ഭൂമിയെ, അതിലെ
ജീവിതമെന്ന മഹാപ്രവാഹത്തെ, അതിന്റെ
ലാവണ്യസാരമായ കവിതയേയും...

ഇനിയും മരിക്കാത്ത ഭൂമി ! – നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി !
ഇത് നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം.

മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൻ
നിഴലിൽ നീ നാളെ മരവിക്കേ,
ഉയിരറ്റ നിൻമുഖത്തശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലാരു, മീ ഞാനും !
ഇതു നിനക്കായ് ഞാൻ കുറിച്ചിടുന്നു:
ഇനിയും മരിക്കാത്ത ഭൂമി ! നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി !

പന്തിരുകുലം പെറ്റ പറയിക്കുമമ്മ നീ
എണ്ണിയാൽ തീരാത്ത
തങ്ങളിലിണങ്ങാത്ത
സന്തതികളെ നൊന്തു പെറ്റൂ !
ഒന്നു മറ്റൊന്നിനെ കൊന്നുതിന്നുന്നത്
കണ്ണാലെ കണ്ടിട്ടുമൊരുവരും കാണാതെ
കണ്ണീരൊഴുക്കീ നീ നിന്നൂ !
പിന്നെ നിന്നെത്തന്നെയല്പാല്പമായ്ത്തിന്നു-
തിന്നവർ തിമിർക്കവേ ഏതും വിലക്കാതെ
നിന്നു നീ സർവംസഹയായ് !

ഹരിതമൃദുകഞ്ചുകം തെല്ലൊന്നു നീക്കി നീ-
യരുളിയ മുലപ്പാൽ കുടിച്ചു തെഴുത്തവർ-
ക്കൊരു ദാഹമുണ്ടായ്: (ഒടുക്കത്തെ ദാഹം !)
തിരുഹൃദയരക്തം കുടിക്കാൻ !
ഇഷ്ടവധുവാം നിന്നെ സൂര്യനണിയിച്ചൊരാ

ചിത്രപടകഞ്ചുകം ചീന്തി,
നിൻ നഗ്നമേനിയിൽ നഖം താഴ്ത്തി, മുറിവുകളിൽ
നിന്നുതിരും ഉതിരമവർ മോന്തി
ആടിത്തിമിർക്കും തിമിർപ്പുകളിലെങ്ങെങ്ങു-
മാർത്തലയ്ക്കുന്നു മൃതിതാളം !

അറിയാതെ ജനനിയെപ്പരിണയിച്ചൊരു യവന-
തരുണന്റെ കഥയെത്ര പഴകീ !
പുതിയ കഥയെഴുതുന്നു വസുധയുടെ മക്കളിവർ
വസുധയുടെ വസ്ത്രമുരിയുന്നു !
വിപണികളിലവ വിറ്റുമോന്തുന്നു, വിടനഖര-
മഴുമുനകൾ കേളി തുടരുന്നൂ !
കത്തുന്ന സൂര്യന്റെ കണ്ണുകളിൽനിന്നഗ്നി
വർഷിച്ചു രോഷമുണരുന്നൂ !
ആടിമുകിൽമാല കുടിനീര് തിരയുന്നൂ:
ആതിരകൾ കുളിര് തിരയുന്നൂ !
ആവണികളൊരുകുഞ്ഞുപൂവ് തിരയുന്നൂ !
ആറുകളൊഴുക്ക് തിരയുന്നൂ !
സർഗ്ഗലയതാളങ്ങൾ തെറ്റുന്നു, ജീവരഥ-
ചക്രങ്ങൾ ചാലിലുറയുന്നൂ !
ബോധമാം നിറനിലാവൊരു തുള്ളിയെങ്കിലും
ചേതനയിൽ ശേഷിക്കുവോളം
നിന്നിൽനിന്നുരുവായി
നിന്നിൽനിന്നുയിരാർന്നൊ-
രെന്നിൽ നിന്നോർമ്മകൾ മാത്രം !

നീ, യെന്റെ രസനയിൽ വയമ്പും നറുംതേനു-
മായ് വന്നൊരാദ്യാനുഭൂതി !
നീ, യെന്റെ തിരികെടുംനേരത്തു തീർത്ഥകണ-
മായലിയുമന്ത്യാനുഭൂതി !

നിന്നിൽ കുരുക്കുന്ന കറുകയുടെ നിറുകയിലെ
മഞ്ഞുനീർത്തുള്ളിയിൽപ്പോലും
ഒരു കുഞ്ഞുസൂര്യനുണ്ടതു കണ്ടുദിച്ചിതെൻ
കരളിലൊരു വിസ്മയവിഭാതം !
നിന്റെ തരുനിരകളുടെ തണലുകളിൽ മേഞ്ഞുപോ-
യെന്നുമെൻ കാമമാം ധേനു
നിന്റെ കടലിൻമീതെ ഏതോ പ്രവാചകർ
വന്നപോൽ കാറ്റുകൾ നടന്നൂ.

ആയിരമുണ്ണിക്കനികൾക്കു തൊട്ടിലും
താരാട്ടുമായ് നീ ഉണർന്നിരിക്കുന്നതും,
ആയിരം കാവുകളിലൂഞ്ഞാലിടുന്നതും,
ആലിലത്തുമ്പത്തിരുന്നു തുള്ളുന്നതും,
അഞ്ചിതൾപ്പൂക്കളായ് കൈയാട്ടി നില്പതും,
അമ്പലപ്രാവായി നീ കുറുകുന്നതും
ആയിരും പുഴകളുടെയോളങ്ങളായെന്റെ
ആത്മഹർഷങ്ങൾക്കു താളംപിടിപ്പതും
പൂവാകയായ് പൂത്തിലഞ്ഞിയായ് കൊന്നയായ്
പുത്തനാം വർണ്ണക്കുടകൾ മാറുന്നതും,
കൂമന്റെ മൂളലായ് പേടിപ്പെടുത്തി നീ
കുയിലിന്റെ കൂകലായ് പേടി മാറ്റുന്നതും,
അന്തരംഗങ്ങളിൽ കളമെഴുതുവാൻ നൂറു
വർണ്ണങ്ങൾ ചെപ്പിലൊരുക്കിവയ്ക്കുന്നതും,
സായന്തനങ്ങളെ സ്വർണ്ണമാക്കുന്നതും,
സന്ധ്യയെയെടുത്തു നീ കാട്ടിൽ മറയുന്നതും,
പിന്നെയൊരുഷസ്സിനെത്തോളിലേറ്റുന്നതും,
എന്നെയുമുണർത്തു വാ, നെന്നെയമൃതൂട്ടുവാൻ,
കദളിവനഹൃദയനീഡത്തിലൊരു കിളിമുട്ട
അടവച്ചു കവിതയായ് നീ വിരിയിപ്പതും,
ജലകണികപോലവേ തരളമെൻ വാഴ്‌വിനൊരു
നളിനദലമായി നീ താങ്ങായി നില്പതും
അറിയുന്നു ഞാ; നെന്നിൽ നിറയുന്നു നീ,യെന്റെ
അമൃതമീ നിൻ സ്മൃതികൾ മാത്രം !

ചിറകുകളിൽ സംഗീതമുള്ള കളഹംസമേ !
അരിയ നിൻ ചിറകിന്റെ-
യൊരു തൂവലിൻ തുമ്പി-
ലൊരുമാത്രയെങ്കിലൊരു മാത്ര,യെൻ വാഴ്‌വെന്ന
മധുരമാം സത്യം ജ്വലിപ്പൂ !
അതു കെട്ടുപോകട്ടെ ! – നീയാകുമമൃതവും
മൃതിയുടെ ബലിക്കാക്ക കൊത്തീ ...!
മുണ്ഡിതശിരസ്കയായ് ഭ്രഷ്ടയായ് നീ സൗര-
മണ്ഡലപ്പെരുവഴിയിലൂടെ
മാനഭംഗത്തിന്റെ മാറാപ്പുമായി സ-
ന്താനപാപത്തിൻ വിഴുപ്പുമായി
പാതിയുമൊഴിഞ്ഞൊരു മനസ്സിലതിതീവ്രമാം
വേദനകൾതൻ ജ്വാല മാത്രമായി
പോകുമിപ്പോക്കിൽ സിരകളിലൂടരി-
ച്ചേറുകയല്ലീ കരാളമൃത്യു ? ...

ഇനിയും മരിക്കാത്ത ഭൂമീ !
ഇതു നിന്റെ മൃതിശാന്തിഗീതം !
ഇതു നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം !
ഉയിരറ്റ നിൻ മുഖത്തശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ല ഞാ,നാകയാൽ
ഇതുമാത്രമിവിടെയെഴുതുന്നു:
ഇനിയും മരിക്കാത്ത ഭൂമി ! നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി !
മൃതിയിൽ നിനക്കമൃതശാന്തി !

**46.** ആരും കാണാതെ കണ്ണീരൊഴുക്കി ഭൂമി നിന്നതെപ്പോഴാണ് ?

(A) മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതു കണ്ടപ്പോൾ

(B) നൊന്തുപെറ്റ സന്തതികൾ ഒന്നുമറ്റൊന്നിനെ കൊന്നുതിന്നുന്നതു കണ്ടപ്പോൾ

(C) സന്തതികൾ ഭൂമിയെത്തന്നെ അല്പാലപ്മായി കൊന്നുതിന്നാനടുത്തപ്പോൾ

(D) പന്തിരുകുലം പെറ്റ പറയിയുടെ ഓർമ്മ മനസ്സിൽ നിറഞ്ഞപ്പോൾ

**47.** 'ഒരു കുഞ്ഞു സൂര്യനുണ്ടതു കണ്ടുദിച്ചിതെൻ കരളിൽ' – എവിടെയാണ് ആ സൂര്യൻ ?

(1) വയമ്പും തേനും നിറയുന്ന രസനയിൽ

(2) സർഗ്ഗലയ താളങ്ങൾ തെറ്റുന്ന ജീവിതരഥ്യകളിൽ

(3) കറുകയുടെ നിറുകയിലെ മഞ്ഞുനീർത്തുള്ളിയിൽ

(4) കുടിനീരു തിരയുന്ന ആടിമുകിൽ മാലകളിൽ

(A) 1 ഉം 2 ഉം ശരി

(B) 2 മാത്രം ശരി

(C) 3 ഉം 4 ഉം ശരി

(D) 3 മാത്രം ശരി

48. കദളീവനഹൃദയ നീഡത്തിൽ കിളിമുട്ട അടവെച്ച് കവിതയായി ഭൂമി വിരിയിക്കുന്നത്

(1) ആയിരം ഉണ്ണിക്കനികൾക്ക് തൊട്ടിലും താരാട്ടുമാകുവാൻ

(2) കവിയുടെ ആത്മഹർഷങ്ങൾക്ക് താളം കൊടുക്കുവാൻ

(3) കവിയുടെ കരളിനു വിസ്മയവിഭാതം നല്കുവാൻ

(4) കവിയെ ഉണർത്തുവാനും അമൃതൂട്ടുവാനും

(A) 1 ഉം 3 ഉം ശരി (B) 2 മാത്രം ശരി

(C) 4 മാത്രം ശരി (D) 3 ഉം 4 ഉം ശരി

49. **കാര്യം** : കവി ഇത്രമാത്രം എഴുതി. 'ഇനിയും മരിക്കാത്ത ഭൂമി ! നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി'

**കാരണം :** 1. അറിയാതെ യവനതരുണിയെ പ്രണയിച്ചവന്റെ കഥ കവി ഓർത്തതുകൊണ്ട്.

2. സൗര മണ്ഡലപ്പെരുവഴിയിലൂടെ മാനഭംഗത്തിന്റെ മാറാപ്പുമായി ഭൂമി നടന്നുപോകുന്നതു കണ്ടതുകൊണ്ട്

3. ഭൂമിക്ക് ഉദകം പകർന്നു വിലപിക്കാൻ താൻ അവശേഷിക്കില്ല എന്ന ഉറപ്പ് കവിയ്ക്കുള്ളതുകൊണ്ട്

4. ഭൂമിയുടെ തിരുഹൃദയരക്തം സ്വന്തം സന്താനങ്ങൾ കുടിക്കുന്നത് കണ്ടതുകൊണ്ട്.

(A) കാര്യം ശരി, കാരണം 3 ശരി.

(B) കാര്യം ശരി, കാരണം 2 ഉം ശരി.

(C) കാര്യം ശരി, കാരണം 1-ഉം, 4-ഉം ശരി.

(D) കാര്യം ശരി, കാരണങ്ങൾ എല്ലാം തെറ്റ്.

50. കവിയുടെ ആവിഷ്ക്കാരം –

(1) ആശയങ്ങളുടെ ആവർത്തനംകൊണ്ട് വിരസത സൃഷ്ടിക്കുന്നു.

(2) കടുത്തചായം പൂശിയ ബിംബങ്ങളുടെ ഉപയോഗംകൊണ്ട് അസ്വാഭാവികത സൃഷ്ടിക്കുന്നു.

(3) ശക്തവും വ്യക്തവുമായ ബിംബാവലികളുടെ സമർത്ഥോപയോഗം

(4) ഉദാത്തമായ ധ്വന്യാത്മകത.

(A) 1 ഉം 2 ഉം ശരി.

(B) 2 മാത്രം ശരി.

(C) 3 ഉം 4 ഉം ശരി.

(D) 4 മാത്രം ശരി.

**Space for Rough Work**